പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2562

09-05-2017 ൽ മറുപടി
നൽകേണ്ടിയിരുന്നത്

## യഥാസമയം നെല്ല് സംഭരിക്കാൻ കഴിയാത്തതുമൂലം നെല്ല് നശിച്ചുപോയതായ പരാതികൾ

**ചോദ്യം**
ശ്രീ.രാജു എബ്രഹാം

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; മുൻവർഷങ്ങളെ അപേക്ഷിച്ച് എത്രമാത്രം നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ ഇതുമൂലം കഴിഞ്ഞിട്ടുണ്ട്; കഴിഞ്ഞ 4 വർഷത്തെ നെല്ലുൽപാദനവും, നെൽവയൽ വിസ്തൃതിയും വ്യക്തമാക്കാമോ;

(എ) സംസ്ഥാനത്തെ നെൽകൃഷി വികസനത്തിനായി 2016-17 വർഷം താഴെപ്പറയു പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി.

**1. സുസ്ഥിര നെൽകൃഷി വികസനം**

ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉത്പാദനോപാധികളുടെ ചിലവിനായി 1500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെ സ്ഥലത്തേയ്ക്ക് 2700 ലക്ഷം രൂപ വകയിരു ത്തുകയും 169535.8 ഹെക്ടർ സ്ഥലത്ത് 2576.858 ലക്ഷം രൂപ ചിലവഴിച്ച് പദ്ധതി നടപ്പിലാക്കുകയുമുണ്ടായി. ഇതിനു പുറമേ ആർ.കെ.വി.വൈ പദ്ധതി പ്രകാരം 4000 ലക്ഷം രൂപയും ഈ പദ്ധതിയ്ക്കായി ചെലവഴിക്കുകയുമുണ്ടായി.

**2. വികസന ഏജൻസികൾക്കുള്ള ഫണ്ട്**

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 32.439 ലക്ഷം രൂപ ചിലവഴിക്കുകയുമുണ്ടായി.

**3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോത്സാഹനം**

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസുമതി) വികസനത്തിനായി ഹെക്ടറിന് 10000 രൂപ സബ്സിഡി നിരക്കിൽ (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാ

വയനാട്, കണ്ണൂർ) 88.8572 ലക്ഷം രൂപ ചിലവഴിച്ച് 888.57 ഹെക്ടർ, സ്ഥലത്ത് കൃഷി നടപ്പിലാക്കുകയുമുണ്ടായി.

**4. പാടശേഖര സമിതികളുടെ പ്രവർത്തന ചിലവിനായുള്ള പദ്ധതി**

പാടശേഖരസമിതികളുടെ പ്രവർത്തന ചിലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 457.445 ലക്ഷം രൂപ ചിലവഴിച്ച് 12684 ഹെക്ടർ, സ്ഥലത്ത് പദ്ധതി നടപ്പിലാക്കുകയുമുണ്ടായി.

**5. കര നെൽകൃഷി വികസനം**

സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2752.092 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600 രൂപ സബ്സിഡി) 341.93907 ലക്ഷം രൂപ ചിലവഴിച്ച് 2743.2237 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുകയുമുണ്ടായി.

6. തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേയ്ക്ക് 1 ഹെക്ടറിന് 30000 രൂപ നിരക്കിൽ 688.00237 ലക്ഷം രൂപ ചിലവഴിച്ച് 2372.2457 ഹെക്ടർ പ്രദേശത്ത് തരിശുനില നെൽകൃഷി നടപ്പിലാക്കുകയും ചെയ്തു.

7. ഒരുപ്പൂ കൃഷി ഇരിപ്പൂ കൃഷി ആക്കുന്നതിലേയ്ക്കായി ഹെക്ടറിന് 10000/- രൂപ ധനസഹായനിരക്കിൽ 88.45 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുകയും 8.8452 ലക്ഷം രൂപ ചിലവഴിക്കുകയുമുണ്ടായി.

**8. നെൽകൃഷി ഉത്പാദന ബോണസ് (നോൺപ്ലാൻ)**

നെൽകർഷകർക്ക് ഉത്പാദന ബോണസായി ഹെക്ടറിന് 1000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1239.26 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

**9. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി**

നെൽകൃഷിയ്ക്ക് ഭൂപരിധി ഇല്ലാതെയും മറ്റുവിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-17 വർഷം 3496.5 ലക്ഷം രൂപ ചിലവഴിക്കുകയുമുണ്ടായി.

2012 മുതൽ 2016 വരെയുള്ള വർഷത്തിലെ നെല്ലുല്പാദനവും നെൽവിസ്തൃതിയും സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | നെല്ലുല്പാദനം (ടൺ) | നെൽവയൽ വിസ്തൃതി (ഹെ) |
|---|---|---|
| 2012-13 | 508299 | 19727? |
| 2013-14 | 564325 | 19961? |
| 2014-15 | 562092 | 198159 |
| 2015-16 | 549275 | 19687? |

2016-17-ലെ നെല്ല് ഉല്പാദനത്തിന്റെ കണ... ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകു... പ്രസിദ്ധീകരിച്ചിട്ടില്ല.

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (ബി) | കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയാമോ; കിലോയ്ക്ക് എത്ര രൂപയാണ് സംഭരണവിലയായി സർക്കാർ നൽകുന്നത്;ഇങ്ങനെ എത്ര ടൺ നെല്ലാണ് ഇതു വരെ സംഭരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് അറിയാമോ; | (ബി) | കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിനുള്ള നടപടികൾ സപ്ലൈകോ മുഖാന്തിരമാണ് നടത്തി വരുന്നത്. സംസ്ഥാന സർക്കാർ നെല്ലിന് നൽകിവരുന്ന സംഭരണ വില കിലോയ്ക്ക് 22.50 രൂപയാണ്. [സർക്കാർ ഉത്തരവ് GO(MS) No. 19/2016/ഭക്ഷ്യ പൊതു വിതരണ (ബി) വകുപ്പ്, തീയതി 10.11.20..] കർഷകരിൽ നിന്നും ആകെ 623799.234 ടൺ നെല്ല് സപ്ലൈകോ മുഖേന 01/04/2016 മുതൽ 26/04/2017 വരെ സംഭരിച്ചിട്ടുണ്ട്. |
| (സി) | യഥാസമയം നെല്ല് സംഭരിക്കാൻ കഴിയാത്തതുമൂലം, മഴയെത്തുടർന്നും മറ്റും നെല്ല് നശിച്ചുപോയതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തൊട്ടാകെ എത്ര സ്ഥലങ്ങളിൽ നിന്നും ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത ഗുണമേന്മാ മാനദണ്ഡങ്ങൾക്കനുസൃതമായി ഉല്പാദിപ്പിക്കപ്പെടുന്ന നെല്ല് യാതൊരുവിധ കാലതാമസവും കൂടാതെ കർഷകരിൽ നിന്നും സപ്ലൈകോ സംഭരിക്കുന്നുണ്ട്. മഴയെത്തുടർന്നും മറ്റും നെല്ല് നശിച്ചു എന്നുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ